കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഞങ്ങൾ മുട്ടാത്ത വാതിലുകളില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ, ടെക്നിക്കൽ മെമ്പർ, ബഹുമാനപ്പെട്ട മന്ത്രി തുടങ്ങിയവരുടെയടുത്തെല്ലാം നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ സഭയിൽ ഇതു സംബന്ധമായി ചോദ്യം ചോദിക്കുകയും പെട്ടെന്ന് കൊടുക്കുമെന്ന് ഉത്തരം കിട്ടുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നു ദയവു കാണിക്കാതെ യാതൊരു രക്ഷയുമില്ല. ദയവായി ഇതിന് കണക്ഷൻ തരണം. കഴിഞ്ഞ ഡി.ഡി.സി.—യിൽ പറഞ്ഞപ്പോൾ ഈ ഡി.ഡി.സി—ക്ക് മുമ്പായി കാലൊക്കെ നാട്ടാം കമ്പി വയ്ക്കാമെന്നാണ് പറഞ്ഞത്. ഒരു വസ്തുവും ചെയ്തിട്ടില്ല. 7 പ്രാവശ്യം പറഞ്ഞതാണ്. ചെയ്യാമെന്നല്ലാതെ ഇതുവരെ ഒരു മുടക്കവും പറഞ്ഞിട്ടില്ല.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇന്ന് ഈ സഭയിൽ വന്ന ആവശ്യങ്ങൾ മാത്രം നിർവ്വഹിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് ഒരു 100 കോടി രൂപ വേണം. ബോർഡിനും ഗവൺമെന്റിനും പ്ലാനിൽ വരുന്ന പണമെടുത്താലേ ചെലവാക്കാൻ ഒക്കുകയുള്ളു. സങ്കടങ്ങൾ ഞങ്ങൾക്കൊക്കെ അറിയാം പക്ഷെ എന്തു ചെയ്യാം സർ? ഈ കരാർ കോൺട്രാക്ടർ കൊടുത്തുകഴിഞ്ഞു. അതിന്റെ മെറ്റീരിയൽസ് പ്രൊക്യൂർ ചെയ്തുകൊണ്ടിരിക്കുകയാണ്. വളരെവേഗം പൂർത്തിയാക്കാൻ കഴിയുമെന്നാണ് ബോർഡ് കരുതുന്നത്. സാമ്പത്തികമാണ് പ്രശ്നം. പണമുണ്ടെങ്കിൽ സപ്ലിമെന്ററിയിൽക്കൂടി കാണ്ട് കൊടുക്കാനും ഒരു വിഷമവുമില്ല. പണമില്ലായ്മയാണ് കാരണം. ഇന്ന് ഇവിടെ പറഞ്ഞതുതന്നെ 100 കോടി രൂപയുടെ ആവശ്യങ്ങളാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു അനുഭാവക്കുറവും ഇല്ല. പക്ഷെ. നിവൃത്തിയില്ലെന്നുള്ളതു മാത്രമാണ് കാര്യം.

(47) കരകുളം വില്ലേജിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും സിറ്റിക്ക് തൊട്ടടുത്ത് കിടക്കുന്നതുമായ കരകുളം വില്ലേജിൽ കരകുളം, ഏണിക്കര, നെടുമ്പാറ, കല്ലയം തുടങ്ങി വിപുലമായ ഒരു പ്രദേശമുണ്ട്. 3 കൊല്ലം മുമ്പ് അവിടെ ഒരു ടാങ്ക് പണിത് പൈപ്പ് ലൈൻ ഇട്ടു. ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി അർദ്ധരാത്രി 12 മണിക്കാണ് അവിടെ കല്ലിട്ടത്. 1983-ലാണ് കല്ലിട്ടത്. ഇതുവരെ വെള്ളം വന്നിട്ടില്ല. കഴിഞ്ഞ 2 വർഷമായി മഴയില്ലാത്തതുകൊണ്ട് ആ പ്രദേശത്ത് വെള്ളം കിട്ടാനില്ല. ആളുകൾ വളരെ ബുദ്ധിമുട്ടുകയാണ്. വെള്ളത്തിനുവേണ്ടി പരക്കം പായുകയാണ്. പൈപ്പ് ലൈൻ ഇട്ടെങ്കിലും വെള്ളം ലഭിക്കുന്നില്ല. എന്താണ് തടസ്സമെന്നു മനസ്സിലാകുന്നില്ല. തടസ്സം എന്താണെന്ന് ഉദ്യോഗസ്ഥൻമാർ പറയുന്നുമില്ല. ഒക്ടോബർ 31-ാം തീയതി ശരിയാക്കിത്തരാമെന്നു വാക്ക് പറഞ്ഞതാണ്. പക്ഷെ ആ ഉദ്യോഗസ്ഥനും പോയി. ചോദിക്കാനും പറയാനും ആളുമില്ല. അതുകൊണ്ട് ഉടനെതന്നെ ഒരു നിമിഷംപോലും താമസിക്കാതെ അവിടെ വെള്ളമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരം സിറ്റിയിലേക്ക് പൈപ്പ് ലൈൻ പോകുന്നത് ഈ പ്രദേശത്തുകൂടിയാണ്. അവിടെയുള്ള ആളുകൾ അവിടത്തെ വെള്ളം സിറ്റിക്ക് കൊടുക്കുകയും അവർ വെള്ളമില്ലാതെ പകച്ചു നടക്കുകയുമാണ്. അത് ഒഴിവാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എ. മാണി): സർ, കരകുളം ശുദ്ധജല വിതരണ പദ്ധതിയുടെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. പമ്പ് സെറ്റും ഘടിപ്പിച്ചു കഴിഞ്ഞു. ഇനി കണക്ഷൻ കിട്ടിയാൽ ഉടനെ കമ്മീഷൻ ചെയ്യാം.

(48) പാലക്കാട് ജില്ലയിൽ വരൾച്ച മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. സി. വാസുദേവ മേനോൻ: സർ, കഴിഞ്ഞ മൂന്നു വർഷമായിട്ട് പാലക്കാട് ജില്ലയിൽ തുടർച്ചയായിട്ട് വരൾച്ചയാണ്. ഈ വർഷവും മലമ്പുഴയുടെ ടെയിൽ ലാൻഡടക്കം വരൾച്ച ബാധിത പ്രദേശമാണ്. ചിറ്റൂർ താലൂക്കിൽ പതിനായിരക്കണക്കിന് കർഷക തൊഴിലാളികളുടെ നെൽക്കൃഷിയടക്കമുള്ള കൃഷികൾ നശിച്ചിരിക്കുകയാണ്. ഇതിന് ശാശ്വതമായിട്ട് ഒരു പരിഹാരം കാണുന്നതിന് കുറിയാർകുറ്റി—കാരപ്പാറ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശക്തിയായി ഈ സഭയിൽത്തന്നെ വന്നിട്ടുള്ളതാണ്. പാണ്ടിയാർ—പുന്നപ്പുഴ പദ്ധതിയും, സൈലൻറ്വാലി പദ്ധതിയും, ജലസേചനപദ്ധതിയായി പരിഗണിക്കാമെന്ന് ഈ സഭയിൽത്തന്നെ ഉറപ്പു നൽകിയതാണ്. കേന്ദ്രഗവൺമെൻറും ഇക്കാര്യത്തിൽ പുനരാവിഷ്കരിച്ച ഒരു പദ്ധതി സമർപ്പിക്കുകയാണെങ്കിൽ അതു നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമെന്നു പറഞ്ഞു. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായിട്ട് ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ പാലക്കാട് ജില്ല ഒരു മരുഭൂമിയായിട്ട് പ്രഖ്യാപിക്കേണ്ടിവരും. പാലക്കാട് വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് ഞാൻ പറയുന്നില്ല. ഇതിന് ഒരു പരിഹാരമുണ്ടാക്കണം. എന്നുമാത്രമല്ല, വരൾച്ച ബാധിക്കുന്ന കാലത്തു വെള്ളം വിതരണം ചെയ്യുന്നത് വാസ്തവത്തിൽ കർഷകർക്ക് വിൽക്കുകയാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് വെള്ളം വിലയ്ക്ക് വിൽക്കുകയാണ്. ഇത്തരത്തിൽ അഴിമതിയും നടക്കുന്നു. അതിനു ഒരു പരിഹാരം കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എ. മാണി): സർ, ഈ പ്രദേശങ്ങളിലുള്ള ജലക്ഷാമം വളരെ രൂക്ഷമാണ്. കുറിയാർകുറ്റി—കാരപ്പാറ പദ്ധതി നടപ്പിലാക്കാൻ ഗവൺമെൻറിനു ഉദ്ദേശമുണ്ട്. ആ നടപടികളിൽനിന്നു പുറകോട്ടു പോയിട്ടില്ല. പക്ഷേ കേന്ദ്രപരിസ്ഥിതി വകുപ്പിൻറെ ഒബ്ജക്ഷൻ കാരണത്താലാണ് അത് ഏറ്റെടുക്കാൻ കഴിയാതെ പോയിട്ടുള്ളത്. മറ്റു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിൽ ഗവൺമെൻറ് ശ്രദ്ധ പതിക്കുന്നതാണ്. ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(49) ലക്ഷം വീടു പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ ശോച്യാവസ്ഥ

ശ്രീ. ടി. എസ്. ജോൺ: സർ, 1972 മുതൽ 1975 വരെയുള്ള കാലയളവിൽ ഏതാണ്ട് 50000—ൽപ്പരം വീടുകൾ ലക്ഷം വീട് പദ്ധതി പ്രകാരം ഉണ്ടാക്കിയിട്ടുണ്ട്. അതിൽ 30,000—ൽപ്പരം വീടുകളും ഇപ്പോൾ വളരെ ശോചനീയമായ സ്ഥിതിയിലാണ്. തകർന്ന

LIBRARY ARCHIVES Kerala Legislative Assembly